ചേർത്തല-അരൂർ ഭാഗത്തെ ഊന്നിക്കുറ്റികൾ നഷ്ടമായവർക്കുള്ള നഷ്ടപരിഹാരം

61 (4408) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ജലപാതയിൽ ചേർത്തല-അരൂർ ഭാഗത്തെ ഊന്നിക്കുറ്റികൾ നഷ്ടമായവർക്കുള്ള നഷ്ടപരിഹാരം നൽകിയോ ;

(ബി) പതിറ്റാണ്ടുകളായി സ്ഥിരവരുമാനം നൽകിക്കൊണ്ടിരുന്ന ഊന്നിക്കുറ്റി നഷ്ടമായവർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ദേശീയ ജലപാതയുടെ ഇരുകരകളും കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടിയെടുക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ് ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത്.

പേഴ്സണൽ ലോൺ

62 (4413) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ-ഷെഡ്യൂൾഡ് ബാങ്കുകൾ വഴി സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്കും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും 4 ലക്ഷം രൂപവരെ പേഴ്സണൽ ലോൺ സ്വന്തം ജാമ്യത്തിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) കാർഷിക ലോണുകളും പേഴ്സണൽ ലോണുകളും കുറഞ്ഞ പലിശ നിരക്കിൽ ഏവർക്കും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ബാങ്കുകൾ വഴി നല്കുന്ന വിവിധ സേവനങ്ങൾക്ക് വലിയ തോതിൽ സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജീവനക്കാർക്കും മറ്റുള്ളവർക്കെന്നപോലെ അവരുടെ വരുമാന പരിധിയ്ക്കനുസൃതമായി ബാങ്കുകൾ വ്യക്തിഗത വായ്പകൾ അനുവദിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര സർക്കാർ അനുശാസിക്കുന്നതു മാതിരി ബാങ്കുകൾ 7 ശതമാനം പലിശ നിരക്കിൽ 3 ലക്ഷം രൂപവരെ കൃഷിക്കാർക്ക് വായ്പ നല്കി വരുന്നു. വ്യക്തിഗത വായ്പകൾക്ക് ഇതു ബാധകമാക്കിയിട്ടില്ല.

(സി) RBI/IBA നിർദ്ദേശ പ്രകാരമുള്ള സർവ്വീസ് ചാർജ്ജ് മാത്രമേ ബാങ്കുകൾ ഈടാക്കുന്നുള്ളു.

വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതി

63 (4414) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതിരേഖ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നും എന്തെങ്കിലും ഉറപ്പ് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ ;

(സി) പദ്ധതിയുടെ ഭാഗമായി പുതിയതായി ആരംഭിക്കപ്പെടാവുന്ന പൊതു വിതരണ ശാലകളുടെ ജില്ലാതല വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പദ്ധതി രേഖയുടെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.*

(ബി) ഇല്ല.

(സി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾ വഴിയുമാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് സ്വീകരിച്ച നടപടികൾ

64 (4415) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) റേഷൻ ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും കരിഞ്ചന്തയിലേക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly